TB Movie Panel Review

Master(2021)

Written By: Jithesh Mangalath

ഇൻഡസ്ട്രിയിലെ ഏറ്റവും വലിയ താരം,ഏറ്റവും പ്രൊമിസിംഗായ കമേഴ്സ്യൽ ഡയറക്ടർമാരിലൊരാൾക്ക് ഡേറ്റ് കൊടുക്കുമ്പോൾ പത്തിലെട്ടു തവണയും സംഭവിക്കാറ് പ്രതീക്ഷകൾക്കൊത്തുയരാതെ കിതച്ചു പോകുന്ന ഒരു പ്രൊഡക്ടാണ്.വിജയും,ലോകേഷ് കനകരാജും ഒന്നിക്കുമ്പോൾ സ്വാഭാവികമായും ഉയരുന്ന പ്രതീക്ഷകൾ വാനോളമാണ്.മാസ്റ്റർ എന്ന സിനിമ അതിനോട് നീതിപുലർത്തിയോ എന്ന് പരിശോധിക്കുന്നത് ശ്രമകരമാകുന്നത്,അത് റിലീസ് ചെയ്യപ്പെട്ടിരിക്കുന്ന സമയത്തിന്റെ പ്രത്യേകത കൊണ്ടുകൂടിയാണ്.അടച്ചിട്ട തിയേറ്ററുകൾക്ക് പുതുജീവൻ നൽകുക എന്ന റിസ്ക് ഫാക്ടർ കൂടി കണക്കിലെടുത്തേ മാസ്റ്ററിനെ വിലയിരുത്താൻ പറ്റൂ.

തുടക്കം മുതലേ രണ്ട് ടെംപ്ലേറ്റുകളിലാണ് മാസ്റ്റർ സമാന്തരമായി സഞ്ചരിക്കുന്നത്.ഒരെണ്ണം കൃത്യമായി എഴുതപ്പെട്ട ലോകേഷ് ടെംപ്ലേറ്റാകുമ്പോൾ മറ്റേത് ഒരു റിഫൈൻഡ് വിജയ് ടെംപ്ലേറ്റ് തന്നെയാകുന്നുണ്ട്.അതത്രയ്ക്ക് പ്രത്യക്ഷമാകാതെ പോകുന്നതിന്റെ പ്രധാനകാരണം നായകനിലേക്കും,പ്രതിനായകനിലേക്കും സമാന്തരമായി സഞ്ചരിക്കുന്ന ട്രീറ്റ്മെന്റിന്റെ മിടുക്കാണ്.മോശം എഴുത്തിനെ മിക്കപ്പോഴും രക്ഷിക്കുന്നത് നിറ്റ് എക്സിക്യൂഷനാണെന്ന് പറയാതെ വയ്യ.വിജയ് സേതുപതിയുടെ കഥാപാത്രത്തെ സൂക്ഷ്മമായി എഴുതിയിട്ടുള്ളപ്പോൾ,വാണിജ്യസമ്മർദ്ദങ്ങൾ കൊണ്ടുകൂടിയാവാം മോശമായോ,അലസമായോ എഴുതപ്പെട്ടിരിക്കുന്നത് വിജയ് കഥാപാത്രമാണ്.മാനഗരം പോലൊരു സ്ക്രിപ്റ്റിന്റെ എഴുത്തുകാരനിൽ നിന്ന് പ്രതീക്ഷിക്കാത്തത്ര ലൂപ് ഹോളുകൾ ജെ.ഡി.എന്ന കഥാപാത്രനിർമ്മിതിയിൽ ദൃശ്യമാണ്.ക്ലീഷേകളിൽ നിന്ന് പൂർണ്ണമുക്തനായിട്ടല്ലാതെയാണെങ്കിലും അത്തരമൊരു കഥാപാത്രത്തെ റിലേറ്റബിളാക്കുന്നത് വിജയെന്ന സൂപ്പർതാരത്തിന്റെ ഒട്ടും മങ്ങാത്ത കരിസ്മ തന്നെയാണ്.അതിനൊപ്പം അനിരുദ്ധിന്റെ ത്രസിപ്പിക്കുന്ന പശ്ചാത്തലസംഗീതം കൂടിയാകുമ്പോൾ ദുർബലമായെഴുതപ്പെട്ടിരിക്കുന്ന ഭാഗങ്ങൾ സമർത്ഥമായി മറയ്ക്കപ്പെടുന്നുണ്ട്.

വിജയ് സേതുപതി അസൂയാവഹമായ അനായാസതയോടെയാണ് ഭവാനിയെന്ന പ്രതിനായക കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്.ഇത്തരം കഥാപാത്രങ്ങളിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്ന ക്ലീഷേ എലമെന്റുകളും,അട്ടഹാസങ്ങളും ആ കഥാപാത്രത്തിന് അന്യമാണ്.അത്രമേൽ വികാരരഹിതമായി

തുടരുമ്പോഴും ആ ശാന്തതയ്ക്കു പിന്നിലെ തിരയടികൾ പ്രകമ്പനം കൊള്ളിക്കുന്നവയാണ്.ഏറെക്കുറെ സ്ഥിരതയോടെ ആ കഥാപാത്രത്തെ വിജയ് സേതുപതി ക്ലൈമാക്സ് വരെ നയിക്കുന്നുമുണ്ട് .ഇമേജ് ഭാരങ്ങളെ അയാൾ മറികടക്കുന്നത് സുന്ദരമായൊരു കാഴ്ച്ചയാകുന്നതിനൊപ്പം ഭാവിപ്രതീക്ഷകളിലേക്കുള്ള ഒരീടുവെപ്പുകൂടിയാകുന്നുണ്ട്.വിജയ്‌യെകുറിച്ച് പറയുമ്പോൾ ആദ്യപകുതിയിലെ മദ്യപാനിയും,അലസനുമായ കോളേജ് പ്രൊഫസർ നേരത്തെ പറഞ്ഞ വിജയ് ടെംപ്ലേറ്റിന്റെ വിപരീതദിശയിലാണ് തുടങ്ങുന്നത്.ഈ ഘട്ടത്തിൽ പല പ്രാവശ്യം പരിഹസിക്കപ്പെട്ടിട്ടുള്ള വിജയ് ആന്റീക്സ് ആ കഥാപാത്രത്തിൽ ഒട്ടുമേയില്ല താനും.എന്നാൽ സിനിമ പുരോഗമിക്കുംതോറും ജെ.ഡി.യിൽ നിന്ന് വിജയ് കൂടുതൽ കൂടുതൽ പുറത്തേക്ക് വരികയാണ്.രണ്ടാം പകുതിയിൽ ട്രാൻസ്ഫോർമേഷൻ പൂർണ്ണമാകുന്നതോടെ സിനിമ സ്ഥിരം വിജയ് ടെംപ്ലേറ്റിലേക്ക് പറിച്ചു നടപ്പെടുന്നു.പെട്ടെന്നവസാനിപ്പിച്ച ഒരു ക്ലൈമാക്സോടു കൂടി ചിത്രമവസാനിക്കുകയും ചെയ്യുന്നു.

മാസ്റ്റർ തീർച്ചയായും തീയേറ്റർ കാഴ്ച്ചയർഹിക്കുന്ന ഒരു ചിത്രം തന്നെയാണ്.ചിത്രത്തിന്റേതായ ചില നിമിഷങ്ങളുമുണ്ട്.ലോകേഷ് തന്നെ റിലീസിനു മുമ്പേ പറഞ്ഞതു പോലെ ഇത് പൂർണ്ണമായും ഒരു വിജയ് സിനിമയോ,ലോകേഷ് സിനിമയോ അല്ല.ഒരർത്ഥത്തിൽ അതുതന്നെയാണ് ചിത്രത്തിന്റെ പൊസിറ്റീവും,നെഗറ്റീവും.ദൃശ്യം ജീത്തുവിന് ഒരു ബാധ്യതയായതു പോലെ കൈതി ലോകേഷിനും ഒരു ബാധ്യതയാകുമോ എന്ന സംശയം അവശേഷിപ്പിക്കുന്നതാണ് മാസ്റ്റർ.നൈറ്റ് ഷോട്ടുകളോടുള്ള ലോകേഷിന്റെ പ്രണയം മാനഗരത്തിലും,കൈതിയിലും ഉള്ളതു പോലെ ഇവിടെയും കാണാം.

വിജയിനെ ഒരുപാടിഷ്ടമുള്ളതുകൊണ്ടു തന്നെ മാസ്റ്റർ ഒരിടത്തുപോലും ബോറടിപ്പിച്ചില്ല.സർക്കാർ,ബിഗിൽ എന്നീ പാതി വെന്ത പ്രൊഡക്ടുകളേക്കാൾ എന്തുകൊണ്ടും ബെറ്ററായ ഔട്ട്പുട്ട് കിട്ടുമ്പോഴും സ്ഥിരം മാനറിസങ്ങളിൽ നിന്നും നൂറു ശതമാനം മുക്തമായ ഒരു വിജയ് ചിത്രമാകാൻ മാസ്റ്ററിനും കഴിയുന്നില്ല.സത്യം പറഞ്ഞാൽ അങ്ങനെയൊരു വിജയ് ചിത്രം കാണാൻ ആഗ്രഹിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ കൃത്യമായൊരുത്തരം എനിക്കുമില്ല.അയാൾ ഇങ്ങനെയൊക്കെത്തന്നെ പോട്ടെന്നേ ❤️

ആൻഡ്

വിജയ് സേതുപതി & അനിരുദ്ധ് രവിചന്ദ്രൻ 🔥🔥